ഖുത്ബ
27.05.2005
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# ഖിലാഫത്തിന്റെ പ്രാധാന്യം

وَعَدَ اللّٰهُ الَّذِیْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ
لَیَسْتَخْلِفَنَّهُمْ فِی الْاَرْضِ كَمَا اسْتَخْلَفَ الَّذِیْنَ مِنْ
قَبْلِهِمْ وَ لَیُمَكِّنَنَّ لَهُمْ دِیْنَهُمُ الَّذِی ارْتَضٰى لَهُمْ
وَ لَیُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا یَعْبُدُوْنَنِیْ
لَا یُشْرِكُوْنَ بِیْ شَیْـًٔا وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓىِٕكَ
هُمُ الْفٰسِقُوْنَ ۝

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ചരിത്ര പ്രധാനമായ ദിവസമാണ്. ഇന്നേ ദിവസമാണ് ഹസ്റത്ത് മസീഹ്മൗഊദ്(അ)ന്റെ വഫാത്തിനു ശേഷം അഹ്മദികളുടെ ഭയാവസ്ഥയെ സമാധാനത്തിലേക്ക് മാറ്റിക്കൊണ്ട് ഖിലാഫത്ത് വ്യവസ്ഥിതി അല്ലാഹു സ്ഥാപിച്ചത്. തന്റെ വാഗ്ദാനമനുസരിച്ച് അഹ്മദിയ്യാ ജമാഅത്തിന് ശക്തി അവൻ പകർന്നു. അതായത് ആദ്യമുണ്ടായിരുന്ന ആ പ്രൗഢിയെ അല്ലാഹു വീണ്ടും നിലനിർത്തി. ഹസ്റത്ത് മസീഹ്മൗഊദ്(അ) തന്റെ ദൂതനും നബിയുമാണെന്ന് അല്ലാഹു സാക്ഷി പറയുകയും ചെയ്തു. നബി(സ) തിരുമേനിയാൽ സ്ഥാപിതമായ ശരീഅത്തിനെ പുനസ്ഥാപിക്കാൻ വേണ്ടി വന്ന മഹാനാണ് അദ്ദേഹമെന്ന് സാക്ഷിപറഞ്ഞു. ആ മഹാത്മാവിന്റെ വേർപാടിനു ശേഷം, നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് അവിടത്തെ ഖിലാഫത്ത്പരമ്പര ഖിയാമത്തുനാൾവരെ നിലനിൽക്കേണ്ടതുണ്ടായിരുന്നു. ചുരുക്കത്തിൽ ഇന്ന് തൊണ്ണൂറ്റിയേഴ് വർഷം പിന്നിടുമ്പോൾ അഹ്മദിയ്യാ ജമാഅത്തിലെ ഓരോ കുട്ടിയും യുവാവും വൃദ്ധനും പുരുഷനും സ്ത്രീയും തങ്ങൾ ഇത് സംബന്ധമായുള്ള അല്ലാഹുവിന്റെ ആദ്യത്തെ സാക്ഷ്യം പൂർത്തിയായി കണ്ടിരിക്കുന്നുവെന്ന്, കണ്ടുകൊണ്ടിരിക്കുന്നുവെന്ന് സാക്ഷി പറയുന്നവരാണ്. അഹ്മദികൾ മാത്രമല്ല, മറിച്ച് അനഹ്മദികൾ പോലും ഇക്കാര്യം സമ്മതിക്കുന്നു.

മസീഹ്മൗഊദ്(അ)നു ശേഷവും, ഖലീഫത്തുൽ മസീഹ് ഒന്നാമനു ശേഷവും, ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് സാഹിബിന്റെ വഫാത്തിനുശേഷവുമെല്ലാം ലോകം ഇതു കണ്ടറിഞ്ഞതാണ്. അഞ്ചാമത്തെ ഖിലാഫത്ത് നിലവിൽ വന്നതിനുശേഷം, എം.ടി.എയിൽ സംപ്രേക്ഷണം ചെയ്ത അവിടെ നടന്ന നടപടികളെല്ലാം കണ്ടുകൊണ്ട് എതിരാളികൾപോലും സമ്മതിച്ച ഒരു യാഥാർത്ഥ്യമുണ്ട്. അവർ പറഞ്ഞു: നിങ്ങൾ സത്യവാന്മാരാണോ എന്ന് ഞങ്ങൾക്കറിയില്ല. പക്ഷേ, അല്ലാഹുവിന്റെ ആദ്യ സാക്ഷ്യം നിങ്ങളോടൊപ്പമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. എന്തായാലും അഹ്മദിയ്യാ ജമാഅത്തിനുമേലുള്ള അല്ലാഹുവിന്റെ ഏറ്റവും വലിയ ഔദാര്യമാണിത്. അവന്റെ നിഅ്മത്താണിത്. ഇതിന് എത്രയധികം നന്ദി കാണിച്ചാലും അതു കുറവായിരിക്കും. ഈ നന്ദിതന്നെയാണ് ഈ നിഅ്മത്തിനെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു പറയുന്നു: **ലയിൻ ശകർതും ല അസീദന്നക്കും** നിങ്ങൾ നന്ദികാണിച്ചാൽ നിങ്ങൾക്കു നാം കൂടുതൽ തരും.(*14:8*) ഈ നിഅ്മത്ത് നൽകിക്കൊണ്ടേയിരിക്കുമെന്ന് അല്ലാഹു പയുന്നു.

മറ്റൊന്ന് ഈ ഖുത്ബയുടെ വിഷയം ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ന്റെ എഴുത്തുമായി ബന്ധപ്പെട്ടതാണെന്നുള്ളതാണ്. അതിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഒരാൾ ഒരു വിഷയം തയ്യാറാക്കി ജമാഅത്തിലെ അംഗങ്ങൾക്ക് അയച്ചുകൊണ്ടിരിക്കുന്നു. ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഖിലാഫത്ത് വ്യവസ്ഥിതി തുടർന്നുകൊണ്ടേയിരിക്കുമെന്നാണ് എഴുതിയത്. ഖിലാഫത്ത്, അഹ്മദിയ്യാ ജമാഅത്തിൽ ഏതുകാലംവരെ നിലനിൽക്കും, അതിന്റെ അവസ്ഥ എന്തായിരിക്കും എന്നും അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് നിലച്ചുപോകുമെന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നില്ല എന്നത് സുവ്യക്തമാണ്. ഇതിൽ ഒരു സംശയത്തിനും ഇടയില്ല. പക്ഷേ, വിവിധ ആളുകൾക്ക് തന്റെ ലേഖനം അയച്ചുകൊണ്ടിരിക്കുന്ന ഈ വ്യക്തി, ജമാഅത്തിന് ഖിലാഫത്തിനെക്കുറിച്ച് എന്തോ സംശയമുണ്ടെന്ന് വരുത്തിത്തീർക്കാനാണ് ശ്രമിക്കുന്നത്. ഇതാണ് അയാളുടെ പ്രവർത്തനത്തിൽ നിന്ന് മനസ്സിലാകുന്നത്. ഒരു സഹോദരന്റെ സമ്മാനം എന്ന തലക്കെട്ടോടെയാണ് അയാൾ ഈ ലേഖനം ഓരോരുത്തർക്കും പോസ്റ്റിലൂടെ അയച്ചുകൊടുക്കുന്നത്. അയാൾക്ക് സദുദ്ദേശ്യമായിരുന്നെങ്കിൽ, ഖലീഫയോട് ചോദിക്കാമായിരുന്നു. ഞനിക്കാര്യം ജമാഅത്തിൽ പ്രചരിപ്പാക്കാനാഗ്രഹിക്കുന്നുവെന്ന് പറയാമായിരുന്നു. അല്ലാഹുവാണ് ഖലീഫയെ സൃഷ്ടിക്കുന്നതെന്നും, ഖലീഫയെ ഇല്ലാതാക്കാൻ ആർക്കും സാധിക്കുകയില്ലെന്നും പറഞ്ഞുകൊണ്ട് "ഒരുനാൾ ഖിലാഫത്തിന്റെ സ്ഥാനത്ത് രാജഭരണമായിരിക്കും നടക്കുക എന്ന ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വാക്കുകളെ" വിശദീകരിക്കാമായിരുന്നു. ഇത് ഹസ്റത്ത് മിയാസാഹിബിന്റെ വ്യക്തിപരമായ ഒരു വീക്ഷണമാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഇതറിഞ്ഞ

പ്പോൾത്തന്നെ ഈ വീക്ഷണത്തെ ഖണ്ഡിച്ചുകൊണ്ട് ഒരു വിളംബരവും പ്രസ്ദ്ധീകരിച്ചിരുന്നു. ഇതിനെക്കുറിച്ച് പിന്നീട് ഞാൻ പറയുന്നതാണ്.

എന്നാൽ, ഈ സാഹിബിന്റെ പ്രവർത്തനത്തിൽ നിന്ന് മനസ്സിലാകുന്നത്, ആദ്യത്തെ നാലു ഖലീഫമാർ ശരിയായിരുന്നുവെന്നും, പിന്നീട് ഖിലാഫത്ത് നില നിൽക്കുകയില്ലെന്നും, സ്ഥാപിക്കാൻ ശ്രമിക്കുന്നുവെന്നാണ്. ഹസ്റത്ത് മിയാ സാഹിബ് പറഞ്ഞത്, മനസ്സിലാക്കിയതിൽ ഈ വ്യക്തിക്ക് അബദ്ധം പിണഞ്ഞിരിക്കുകയാണ്. അയാൾ ആർക്കൊക്കെ ഈ ലേഖനം അയച്ചിട്ടുണ്ടോ, അവർക്കെന്തെങ്കിലും സംശയമുണ്ടായിട്ടുണ്ടെങ്കിൽ അതകറ്റേണ്ടതുണ്ട്. എന്നാൽ, അതിനുമുമ്പേ ഞാനോതിയ വചനത്തെ അല്പം വിശദീകരിക്കാം. അതിന്റെ അർത്ഥം ഇങ്ങനെയാണ്.

> നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്, എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനു ശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ . (*24:56*)

അതായത് ഖിലാഫത്ത് നിലനിർത്തുമെന്ന വാഗ്ദാനം ദൃഢവിശ്വാസികളോടും സൽക്കർമകാരികളോടുമുള്ളതാണ്. ഈ നിലവാരം നിലനിർത്തുമ്പോൾ അല്ലാഹുത്തആല തന്റെ വാഗ്ദാനമനുസരിച്ച് ഖിലാഫത്ത് വ്യവസ്ഥിതി നിലനിർത്തുന്നതാണ്. നബിയുടെ നിര്യാണത്തിനു ശേഷം ഖലീഫ. പിന്നീട് ഓരോ ഖലീഫയ്ക്ക്ശേഷവും ഖലീഫ വന്നുകൊണ്ടിരിക്കും. അങ്ങനെ ഭയാവസ്ഥ മാറി സമാധാനാവസ്ഥ വന്നുകൊണ്ടിരിക്കുന്നതാണ്. ഇതു നാം കഴിഞ്ഞ നൂറുവർഷമായി കണ്ടുവരുന്നു. പക്ഷേ, ഏകദൈവത്തെ ആരാധിക്കുന്നവരാകണം എന്നതാണ് നിബന്ധന. ദുൻയാവിലെ കളിതമാശകൾക്ക് വിധേയരായി ശിർക്കിൽ അകപ്പെടാൻ പാടില്ല. അഥവാ അവർ നന്ദികേട് കാണിക്കുകയും, ഇക്കാര്യങ്ങളിൽ നിന്ന് അശ്രദ്ധരാവുകയും ഭൗതികമായ ജീവിതം അവരുടെ ദൃഷ്ടിയിൽ അല്ലാഹുവിനേക്കാള ധികം പ്രിയങ്കരമായിത്തീരുകയും ചെയ്താൽ ആ നന്ദികേടു കാരണത്താൽ ഈ അനുഗ്രഹം അവരിൽനിന്ന് എടുക്കപ്പെടുന്നതാണ്. അതുകൊണ്ട് ഖിലാഫത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കാത്തവർ ഇക്കാര്യത്തെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഖിലാഫത്ത് സ്ഥാനത്തെക്കുറിച്ച് ഇവിടെ ഭയപ്പെടുത്തുന്നത് ഖലീഫയെയല്ല. പ്രത്യുത, ഖിലാഫത്ത് സ്ഥാനത്തെക്കുറിച്ച് മനസ്സിലാക്കാത്ത കാരണത്താൽ ആജ്ഞലംഘകരിൽ പെട്ടുപോകുന്നവർക്കാണ് ഈ മുന്നറിയിപ്പ്. ഖലീഫയേയും ഖിലാഫത്ത് സ്ഥാനത്തെയും മനസ്സിലാക്കാത്ത ചിലയാളുകളുണ്ടാകും. അവർ പരിഹസിക്കുന്നവരും നിഷേധിക്കുന്നവരുമായിരിക്കും. അതുകൊണ്ട് സ്വയം മുസൽമാൻ എന്ന് അവകാശപ്പെടുന്നവർക്കുള്ള മുന്നറിയിപ്പാണിത്. അല്ലെങ്കിൽ ഖിലാഫത്തിന്റെ സ്ഥാനം മനസ്സിലാക്കാതെ, ഖിലാഫത്തിനുവേണ്ടി ദുആ ചെയ്യുന്നതിനുപകരം എവിടെയെങ്കിലും ആക്ഷേപം ഉന്നയിക്കാൻ വകകിട്ടുമോ എന്ന് തിരഞ്ഞുനടക്കുന്ന ബലഹീനരായ അഹ്മദികൾക്കുള്ള താക്കീതാണിത്.

ഉദാഹരണത്തിന് ഒരു സാഹിബ് എനിക്കെഴുതി. താങ്കൾ വലിയ തന്ത്രപരമായാണ് ഖലീഫയായത്. എന്തായിരുന്നു ആ തന്ത്രം? ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅന്റെ നിര്യാണവാർത്ത അൽഫസലിലും എം. ടിഎയിലും കൊടുത്തത് താങ്കളാണ്; താങ്കളിലേക്ക് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടിയാണ് താങ്കൾ ഇങ്ങനെ ചെയ്തത്. ഇന്നാലില്ലാഹ്....

ഞാൻ നിർബന്ധിതനായിരുന്നു. നാസിർഅഅ്ലാ എന്ന നിലയിൽ അത് ഞാൻതന്നെ ചെയ്യണമായിരുന്നു. എന്തായാലും ഈ കത്തെഴുതിയ ആൾക്ക് ധൈര്യമില്ല. കാരണം പേരുവയ്ക്കാതെയാണ് അയാൾ ഇതെഴുതിയിരിക്കുന്നത്. അത്തരം ആൾ കപടവിശ്വാസിയാണ്. ഖിലാഫത്തിൽ വിശ്വാസമില്ലെങ്കിൽ, പിന്നെ ഇതിൽനിന്നിട്ട് പ്രയോജനമില്ല. എന്നിട്ടും അഹ്മദീ എന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നുവെങ്കിൽ അയാൾ മുനാഫിഖാണ്.

ചുരുക്കിപ്പറയട്ടെ. ആ സമയത്ത് എന്റെ അവസ്ഥ എന്തായിരുന്നു. എന്റെ പേരുപറഞ്ഞപ്പോൾ ഞാൻ തരിച്ചിരുന്നുപോയി. എനിക്കുവേണ്ടി ആരുടെ കൈയും ഉയരരുതെന്ന് ഞാൻ ദുആ ചെയ്യുകയായിരുന്നു. ആ നടപടികളെല്ലാം നടക്കുമ്പോഴുള്ള എന്റെ അവസ്ഥ എനിക്കും എന്റെ അല്ലാഹുവിനും അറിയാം. ഖിലാഫത്തിനുവേണ്ടി തന്റെ പേര് ആരെങ്കിലും പറയണമെന്നുള്ള ചിന്ത വിഡ്ഢികളുടേതാണ്. എന്നോടാരെങ്കിലും ഇതിനെ സംബന്ധിച്ച് ചോദിച്ചാൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് നല്കിയ മറുപടിയാണ് ഞാൻ പറയാറുള്ളത്. ഖലീഫയായി തിരഞ്ഞെടുക്കപ്പെടുമെന്ന് താങ്കൾക്കറിയാമായിരുന്നോ എന്ന് അദ്ദേഹത്തോടും ആരോ ചോദിച്ചിരുന്നു. അതിന് അദ്ദേഹം പറഞ്ഞ മറുപടി ഇങ്ങനെയാണ്. ബുദ്ധിമാന്മാരാരും ഇങ്ങനെ ചിന്തിക്കുകയില്ല. ഈ എഴുതുന്നയാൾ ഒന്നുകിൽ എന്നെ വിഡ്ഢിയായിട്ടാണ് കരുതുന്നത്. പിന്നീട് സ്വയം എഴുതുന്നു, വളരെ തന്ത്രപരമായ നിലയിൽ ഞാനെന്റെ പേര് പറയിച്ചുവെന്ന്.

എന്തായാലും വിവിധ അവസരങ്ങളിൽ ശയ്ത്താൻ അവന്റെ കരുനീക്കിക്കൊണ്ടിരിക്കുന്നു. നബി(സ) തിരുമേനി, വാഗ്ദത്ത മഹ്ദീ മസീഹിനുശേഷം

വരുന്ന ഖിലാഫത്ത് എന്നെന്നും നിലനില്ക്കുമെന്ന് സുവാർത്ത അറിയിച്ചിട്ടുണ്ട്. ഒരു ഹദീസിൽനിന്ന് ഇത് സ്ഥാപിതമാകുന്നുണ്ട്. ഹസ്റത്ത് ഹുദയ്ഫാ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു:

അല്ലാഹു ഇച്ഛിക്കുന്നിടത്തോളം കാലം നിങ്ങളിൽ നുബുവ്വത്ത് നിലനില്ക്കും; പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലംവരെ നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനില്ക്കും; പിന്നെ അവൻ അതിനെ എടുത്തുകളയും. അനന്തരം അല്ലാഹു ഇച്ഛിക്കുന്നതുവരെ സ്വേച്ഛാധിപത്യം നിലനില്ക്കും; പിന്നെ അവൻ അതിനെ എടുത്തുകളയും. അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലംവരെ ബലാൽക്കാരപൂർവ്വമായ ഭരണം നിലനില്ക്കും. പിന്നെ അവൻ അതിനേയും എടുത്തുകളയും. പിന്നീട് നുബൂവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തുണ്ടായിവരും. ഇതു പറഞ്ഞ അവിടന്ന് നിശ്ശബ്ദനായി. (*മിശ്ക്കാത്ത്*)

ഈ രണ്ടാമത് നിലവിൽവരേണ്ടിയിരുന്ന ഖിലാഫത്ത്, ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേന തന്നെയാണ് വരേണ്ടിയിരുന്നത്. നബി(സ) തുടർന്ന് ഒന്നും പറയാതെ നിശ്ശബ്ദത പാലിച്ചത്, വീണ്ടും വരുന്ന ഖിലാഫത്ത് എന്നെന്നും നിലനില്ക്കുന്നതായിരിക്കുമെന്ന് വിളിച്ചോതുന്നു. ഇത് ദൈവികപദ്ധതിയാണ്. ദൈവികപദ്ധതിയെ തകർക്കാൻ ഒരുത്തർക്കും സാധ്യമല്ല. ഈ ഖുദ്റത്തെ സാനിയ അഥവാ രണ്ടാമത്തെ ശക്തിപ്രഭാവം, അല്ലെങ്കിൽ ഖിലാഫത്ത് വ്യവസ്ഥിതി ഇൻശാഅല്ലാഹ് എന്നെന്നും നിലകൊള്ളുന്നത് തന്നെയാണ്. ഇതിനു ഇയാൾ പറയുന്നതുപോലെ നബി(സ) തിരുമേനിയ്ക്കുശേഷം വന്ന മുപ്പതുവർഷത്തെ ഖിലാഫത്തുമായി ഒരു ബന്ധവുമില്ല. ആ മുപ്പതുവർഷം നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ചുള്ളതായിരുന്നു. എന്നെന്നും നിലനില്ക്കുന്ന ഈ ഖിലാഫത്തും നബി(സ) യുടെ പ്രവചനമനുസരിച്ചാണ് നിലവിൽ വന്നിട്ടുള്ളത്. ഖിയാമത്തുന്നാൾവരെ എന്തെന്തെല്ലാം സംഭവിക്കുമെന്ന് അല്ലാഹുവാണ് ഏറ്റവുമധികം അറിയുന്നവൻ. പക്ഷെ, ഒരു കാര്യം പറയട്ടെ. ഈ ഖിലാഫത്തുകാലം അവിടത്തെ തലമുറ തലമുറ കൈമാറി നിരവധി തലമുറവരെ ചെന്നെത്തുന്നതാണ്. ഇൻശാഅല്ലാഹ്; അതിന് നിങ്ങളിൽ നന്മയും തഖ്‌വയും ഉണ്ടാകണമെന്നുമാത്രം. അതുകൊണ്ടാണ് ഇതിനെ നിലനിർത്തുന്നതിനുവേണ്ടി ഞാൻ ആദ്യദിവസം മുതൽ തന്നെ തുടർച്ചയായി തർബിയത്തുപരമായ വിഷയങ്ങളിൽ ഖുത്ബ നിർവ്വഹിച്ചുവരുന്നത്. നബി(സ)യോടു അല്ലാഹു ചെയ്ത ഈ വാഗ്ദാനം, അല്ലെങ്കിൽ നബിയെ അറിയിച്ച ഇക്കാര്യം ഹസ്റത്ത് മസീഹ് മൗഊദിനെയും അല്ലാഹു അറിയിച്ചിട്ടുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ചുരുക്കത്തിൽ, രണ്ടുവിധത്തിലുള്ള ശക്തിപ്രതിഭാസങ്ങൾ അല്ലാഹു പ്രത്യക്ഷപ്പെടുത്തുന്നു. ഒന്നാമതായി, നബിമാരുടെ കൈകൾ മുഖേന ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി, നബി ചരമം പ്രാപിച്ചു കഴിഞ്ഞാലുള്ള വിഷമങ്ങളെ നേരിടേണ്ടിവരികയും, ശത്രു വളരെ പ്രാബല്യം നേടുകയും, പ്രവാചകന്റെ ദൗത്യം കുഴപ്പത്തിലായെന്നും ജമാഅത്ത് ഇപ്പോൾ നശിക്കാൻ പോകുകയാണെന്ന് ഉറപ്പിച്ചുകൊണ്ട് അതിലെ ആളുകൾ തന്നെ ഭാവിയെക്കുറിച്ച് സംശയാലുക്കളാവുകയും നിരാശപ്പെട്ടുതുടങ്ങുകയും, അവരുടെ നടുവൊടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേയ്ക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ, സർവ്വശക്തനായ അല്ലാഹു രണ്ടാം തവണ തന്റെ ഊക്കേറിയ അത്ഭുതശക്തി വെളിപ്പെടുത്തുകയും തകർച്ചയിലെത്തിയ ജമാഅത്തിന്റെ കാലുറപ്പിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം കാണാൻ കഴിയുന്നു.

ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കാലത്ത് തിരുനബിയുടെ ചരമം-അത് അകാലചരമം ആയി കരുതപ്പെടുകയുണ്ടായി-നിരവധി വിവരംകെട്ട ബദവികൾ മുർത്തദ്ദു കളായിപ്പോകുകയും സഹാബിമാർപോലും ദുഃഖഭാരം നിമിത്തം ഭ്രാന്ത് പിടിച്ചവരെപ്പോലെയായി മാറുകയും ചെയ്തിരുന്നു. ആ സന്ദിഗ്ദ്ധഘട്ടത്തിൽ അല്ലാഹു ഹസ്റത്ത് അബൂബക്കർ സിദ്ദീഖിനെ എഴുന്നേൽപ്പിച്ചുകൊണ്ട് വീണ്ടുമൊരിക്കൽ ദിവ്യശക്തിയുടെ ഹസ്തം നീട്ടിക്കാട്ടുകയും ഇസ്ലാമിനെ നാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു **വലയുമക്കിനന്നലഹും ദീനഹുമുല്ലദിർത്തളാലഹും വലയുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ** (അവർക്കായി അവൻ തൃപ്തിപ്പെട്ട മതം അവൻ അവർക്ക് ശക്തിപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയപ്പാടിനുശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്യുകയും ചെയ്യും) എന്ന അവന്റെ വാഗ്ദാനം നിറവേറ്റുകയുമുണ്ടായി. ഇപ്രകാരം തന്നെ ഹസ്റത് മൂസാ നബിയുടെ (അ) കാലത്തും സംഭവിച്ചു. ബനൂഇസ്റായീലിൽ വാഗ്ദാനം ചെയ്യപ്പെട്ട ലക്ഷ്യസ്ഥാനത്ത്, പുണ്യസ്ഥലത്ത് എത്തിക്കപ്പെടുന്നതിനു മുമ്പേ ഹസ്റത്ത് മൂസാ നബി(അ) മിസ്റിനും (ഈജിപ്ത്) കൻആനും(ഫലസ്തീൻ) ഇടയിലുള്ള വഴിയിലൊരിടത്തുവച്ചു ചരമം പ്രാപിക്കുകയും അദ്ദേഹത്തിന്റെ വേർപാട് ബനൂഇസ്റായീൽക്കാരിൽ വലുതായ അലമുറകൾ സൃഷ്ടിക്കുകയും ചെയ്തു .

ആകയാൽ, അല്ലയോ പ്രിയന്മാരെ, പണ്ടുപണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ്: അവൻ രണ്ടുതരം ദിവ്യശക്തിപ്രതിഭാസം കാണിക്കുന്നു. ഇങ്ങനെ ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെയും അവൻ തകർത്തുകളയുന്നു. അതുകൊണ്ട് അല്ലാഹു അവന്റെ പണ്ടുപണ്ടേയുള്ള ആ രീതിമുറ ഇപ്പോൾ ഉപേക്ഷിച്ചു കളയുക സംഭാവ്യമല്ല. ഞാനിപ്പോൾ നിങ്ങളോട് വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവേണ്ടതില്ല. നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ട. എന്തുകൊണ്ടെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത്

നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതുവരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. എന്തുകൊണ്ടെന്നാൽ അത് ശാശ്വതികമാകുന്നു. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. എന്നാൽ, ഞാൻ പോയിക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു 'ബറാഹീനെ അഹ്മദിയ്യ' യിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാകുന്നു. അല്ലാഹു പറയന്നത് ഇപ്രകാരമാണ്; നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നൽകുന്നതാണ്. അതുകൊണ്ട്, നിങ്ങളിൽനിന്നും ഞാൻ വേർപ്പെട്ടുപോകുന്ന ദിനം വരേണ്ടത് അനുപേക്ഷണീയമാകുന്നു; അതിന്നുശേഷം ശാശ്വതമായ വാഗ്ദത്തത്തിന്റെ നാളുകൾ വരാൻവേണ്ടി. നമ്മുടെ അല്ലാഹു വാഗ്ദത്തങ്ങൾ പൂർത്തിയാക്കുന്നവനും കൂറുപുലർത്തുന്നവനും വിശ്വസ്തനുമായ അല്ലാഹുവാകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതുംതന്നെ നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. ഈ നാളുകൾ ലോകത്തിന്റെ അവസാനനാളുകളാകുന്നു. അനേകവിപത്തുകളും ദുരന്തങ്ങളും വെളിപ്പെടുന്ന നാളുകളാണ്. അല്ലാഹു അറിയിച്ചുതന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനിൽക്കേണ്ടതാകുന്നു. ഞാൻ അല്ലാഹുവിൽനിന്നുള്ളൊരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ ദൈവത്തിൽനിന്നുള്ള ഖുദ്റത്തിന്റെ പ്രതീകംതന്നെയാകുന്നു. എനിയ്ക്കുശേഷം രണ്ടാം ഖുദ്റത്തിന്റെ പ്രാദുർഭാവങ്ങളായ മറ്റു വ്യക്തികളും ഉണ്ടാകും. ആകയാൽ, നിങ്ങൾ ദൈവത്തിൽനിന്നുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതീക്ഷയിൽ ഒന്നുചേർന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കുവിൻ; രണ്ടാം ഖുദ്റത്ത് സ്വർഗ്ഗത്തിൽനിന്ന് അവതരിക്കുമാറാകാൻവേണ്ടിതന്നെ. സാലിഹീങ്ങളുടെ അഥവാ, സദ്വൃത്തന്മാരുടെ ജമാഅത്ത് ഓരോ രാജ്യത്തും ഒത്തുകൂടി പ്രാർത്ഥനയിൽ നിരതരാവേണ്ടതാണ്. നിങ്ങളുടെ അല്ലാഹു അത്തരത്തിൽ സർവ്വശക്തനായ അല്ലാഹുവാണെന്നു നിങ്ങൾക്ക് കാണിക്കപ്പെടുന്നതിനും അവൻ നിങ്ങളുടെ മരണംവരെ നിങ്ങളുടെ സമീപത്താണെന്ന് ഓർത്തിരിക്കുന്നതിനുവേണ്ടിയും. നിങ്ങൾക്കറിയില്ല, ആ മുഹൂർത്തം എപ്പോഴാണ് വന്നെത്തുകയെന്ന്.

പരിശുദ്ധമായ ആത്മാവോടുകൂടിയ ജമാഅത്തിലെ ആദരണീയർ (ഇതിന്റെ ഉദ്ദേശ്യം ഒരേസമയം ഒന്നിലധികം വ്യക്തികൾ ഉണ്ടാകുക എന്നതല്ല. വിവിധ കാലങ്ങളിലായിരിക്കും അവർ വരിക) എന്റെ പേരിൽ എനിക്കുശേഷം ആളുകളിൽനിന്നു ബൈഅത്ത് വാങ്ങട്ടെ. ഭൂമിയുടെ വ്യത്യസ്ത പ്രവാസകേന്ദ്രങ്ങളിൽ താമസിച്ചുപോരുന്നവർ, അവർ യൂറോപ്പിലാകട്ടെ, ഏഷ്യയിലാകട്ടെ എവിടെയുള്ളവരായിരുന്നാലും അവർ സൽപ്രകൃതരായിട്ടുള്ളവരാണെങ്കിൽ അവരെയെല്ലാം തൗഹീദിലേക്ക്, ഏകദൈവത്വത്തിലേക്ക് ആകർഷിക്കുകയും ആ ദാസന്മാരെയെല്ലാം ഏകമതത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യട്ടെ. ഇതുതന്നെയാണ് അല്ലാഹു എന്നെ ഈ ലോകത്തിലേക്ക് അയച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം. ആകയാൽ, നിങ്ങൾ ഈ ലക്ഷ്യം സാധിക്കുവാൻ യത്നിക്കുവിൻ. എന്നാൽ അത് സൗമ്യതയോടും വിനയത്തോടും ഉദാത്തഭാവങ്ങളോടും പ്രാർത്ഥനയോടുംകൂടി മാത്രം. അങ്ങനെ, റൂഹുൽഖുദ്സ് അഥവാ, പരിശുദ്ധാത്മാവ് ഉൾവഹിച്ച ആരെങ്കിലും എനിയ്ക്കുശേഷം എഴുന്നേൽക്കുവോളം നിങ്ങളെല്ലാം സഹകരിച്ചും ഒന്നിച്ചുചേർന്നും പ്രവർത്തിക്കുവിൻ."

നോക്കുക, എത്രവ്യക്തമായ നിലയിലാണ് അല്ലാഹു എന്നോടു വാഗ്ദാനം ചെയ്തിട്ടുള്ളത്. നിന്നെ വിശ്വസിച്ചിട്ടുള്ളവർക്ക്, നിന്നെ പിൻപറ്റുന്നവർക്ക് മറ്റുള്ളവരുടെമേൽ ഖിയാമത്ത്നാൾവരെ വിജയം നൽകുന്നതാണ്. ഈ വിജയം തൗഹീദ് നിലനിർത്തുന്നതുകൊണ്ടും ഒരു കൈയിൽ ഒരുമിച്ചുകൂടുന്നതുകൊണ്ടുമായിരിക്കും ലഭിക്കുക. നിന്റെ പ്രത്യേക കുടുംബത്തിൽനിന്നോ പ്രത്യേക രാജ്യത്തുനിന്നോ ദീനിനെ നിലനിർത്തുവാൻ ആളുകളെ എഴുന്നേല്പിക്കുമെന്ന് അല്ലാഹു പറഞ്ഞില്ല. പ്രത്യുത സാലിഹീങ്ങളുടെ അഥവാ സദ്വൃത്തന്മാരുടെ ജമാഅത്ത് ഓരോ രാജ്യത്തും ഒത്തുകൂടി പ്രാർത്ഥനയിൽ നിരതരാവാനാണ് പറഞ്ഞത്. അതുകൊണ്ട് തന്ത്രങ്ങൾ മെനഞ്ഞു നടക്കുന്നതിനു പകരം, സ്വാലിഹായിത്തീരുക, ദുആയിൽ നിരതരാവുക; ഈ ഖിലാഫത്ത് എന്ന സമ്മാനം നിങ്ങളിൽ എന്നെന്നും നിലനില്ക്കുന്നതിനുവേണ്ടി.

ഈ ബഹുമതി നിലനിർത്തുന്നതിനുവേണ്ടി കഴിഞ്ഞ 91 വർഷമായി പ്രത്യേകമായ ഒരു രാജ്യവുമായി ബന്ധപ്പെട്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബവുമായി ബന്ധപ്പെട്ടുമാണ് ഇത് വരുന്നതെങ്കിലും ഇതിനെ നിലനിർത്താൻ പ്രാർത്ഥനയുടേയും സൽകർമ്മങ്ങളുടേയും ആവശ്യമുണ്ട്. തഖ്വയോടും ആത്മാർത്ഥതയോടുംകൂടി പ്രവർത്തിക്കുന്നവരായിരിക്കും ഈ പതാകയെ ഉയർത്തിപ്പിടിക്കുന്നവർ. കാരണം ഈ ഖുദ്റത്ത് അഥവാ ശക്തിപ്രഭാവം എന്നെന്നും നിലനില്ക്കുമെന്ന് അല്ലാഹു മസീഹ് മൗഊദ്(അ)നോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. ഇതിൽ ഒരു സംശയവുമില്ല. രണ്ടാമത്തെ ഖുദ്റത്തിനോടൊപ്പമുള്ള നിബന്ധന സൽക്കർമ്മങ്ങളാണ്.

കഴിഞ്ഞവർഷത്തെപ്പോലെ ഇപ്രാവശ്യവും ആഫ്രിക്കയിൽ പര്യടനം നടത്താൻ കഴിഞ്ഞു. വിവിധ രാജ്യങ്ങളിൽപോയി ഞാൻ അഹ്മദികളുടെ ആത്മാർത്ഥതയും ചുമതലാബോധവും നേരിൽകണ്ടു. അവിടെ കണ്ടകാഴ്ചകൾ ഞാൻ പറഞ്ഞതിന്റെ ഒരു വ്യാഖ്യാനമാണ്. ചിലത് അനുഭവിച്ചറിയാൻ കഴിയുന്നതും ചിലത് വിവരിക്കാൻ പറ്റാത്തതുമാണ്. തൻസാനിയായിലെ വളരെ ദൂരെയുള്ള ഒരു പ്രദേശം. അവിടെ

നിന്ന് 600, 700 കിലോമീറ്റർ യാത്ര ചെയ്തെങ്കിലെ ഞാൻ താമസിച്ച സ്ഥലത്ത് വരാൻ പറ്റുകയുള്ളൂ. വഴി വളരെ മോശമാണ്. ദുർഘടമായ വഴി കാരണത്താൽ 8, 10 ദിവസം എടുക്കും ലക്ഷ്യസ്ഥാനത്തെത്താൻ. മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് അല്പം വലിയൊരു സ്ഥലത്താണ് ഞാൻ പോയത്. ചുറ്റുപാടുനിന്നും ആളുകൾ അവിടെ കാണാൻ വന്നിരുന്നു. അവരിലുള്ള ആവേശം കാണേണ്ടതുതന്നെയാണ്. വിവരങ്ങൾ അറിയിക്കുക എന്നതുതന്നെ വളരെ പ്രയാസമുള്ള സ്ഥലമാണത്. എം.ടി.എയുടെ സംവിധാനവും അവിടെ പല സ്ഥലത്തുമില്ല. അതുകൊണ്ട് എം.ടി.എ കണ്ടുകൊണ്ടും, ചിത്രം കണ്ടുകൊണ്ടുമാണ് ഇത്രയേറെ ഒരു ബന്ധമുണ്ടായതെന്നു പറയാൻ പറ്റില്ല.

സൽക്കർമ്മം ചെയ്യുന്നവർക്ക് ഖിലാഫത്തിനോട് പ്രത്യേകമായൊരു ബന്ധമുണ്ടെന്ന് വിളിച്ചറിയിക്കുന്നതായിരുന്നു അവരുടെ ആ ആവേശം. ഹസ്തദാനം ചെയ്തവരുടെ മാനസികാവസ്ഥ വിവരിക്കുന്നത് അതാണ്. എനിക്കു ഹസ്തദാനത്തിനായി അണിയിൽനിന്നിരുന്ന ഒരു വ്യക്തി എന്നെ കണ്ടുടനെ വികാരാധീനനായി പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. ഈ ബന്ധത്തിന്റേയും ഈ സ്നേഹത്തിന്റേയും പ്രകടനം രാജാക്കന്മാരുമായി ഉണ്ടാകുമോ? അതല്ല അല്ലാഹു ഹൃദയത്തിലുണ്ടാക്കുന്നതാണോ?

ഒരു പഴയകാല അഹ്മദി ദിവസങ്ങളായി രോഗിയായിട്ട് കിടപ്പാണ്. അദ്ദേഹം നാന്നൂറ് കിലോമീറ്റർ യാത്ര ചെയ്ത് എന്നെ കാണുന്നതിനുവേണ്ടി വന്നു. അദ്ദേഹം സ്നേഹാതിരേകത്താൽ എന്റെ കൈപിടിച്ചമർത്തി. ഇതെല്ലാം വല്ല ഭൗതികനേട്ടത്തിനും വേണ്ടിയാണോ? ചുരുക്കത്തിൽ, വിവിധ രീതിയിലാണ് വികാരാവേശങ്ങൾ അവിടെ പ്രകടമായത്. ഇതേ അവസ്ഥതന്നെയായിരുന്നു ഉഗാണ്ടയിലും മറ്റു രാജ്യങ്ങളിലുമെല്ലാം. ഈ സൽക്കർമ്മങ്ങളും ആത്മാർത്ഥതയും. ഇൻശാഅല്ലാഹ്. അഹ്മദിയ്യാ ജമാഅത്തിൽ എന്നെന്നും ഖിലാഫത്ത് നിലകൊള്ളുന്നതിന് കാരണമായിക്കൊണ്ടിരിക്കുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർമ്മിച്ചുകൊള്ളുക. ശാശ്വതമായ ഖിലാഫത്ത് ഈ ഉമ്മത്തിൽ നിലകൊള്ളുമെന്ന് സൂചിപ്പിക്കുന്ന നിരവധി വചനങ്ങൾ വിശുദ്ധഖുർആനിലുണ്ട്. നിരവധി ഹദീസുകളുമുണ്ട്. പക്ഷേ, യാഥാർത്ഥ്യങ്ങൾ കണ്ടറിഞ്ഞ് വിശ്വസിക്കുന്നവർക്കായി ഇവിടെ അതെല്ലാം എഴുതേണ്ട ആവശ്യമില്ല. ഇസ്ലാമിനെ നിർജീവമതമായി കരുതുകയും അതിന്റെ അനുഗ്രഹങ്ങൾ ആരംഭകാലത്തുമാത്രം പരിമിതപ്പെടുത്തുകയും ചെയ്യുന്നതിനെക്കാൾ വലിയ മോശമായ കാര്യം മറ്റെന്താണ്." ഇതിനുശേഷം ഖിലാഫത്ത് എപ്പോൾവരെ നിലനില്ക്കും, എപ്പോഴാണ് രാജാധിപത്യത്തിലേക്ക് അത് മാറുന്നത് തുടങ്ങിയ കാര്യങ്ങളെ കുറിച്ച് അന്വേഷിക്കേണ്ട ആവശ്യമേ നമുക്കില്ല. ഇൻശാ അല്ലാഹ്. സൽക്കർമ്മകാരികൾ എന്നെന്നും ജനിച്ചുകൊണ്ടിരിക്കും. ഖിലാഫത്ത് വ്യവസ്ഥിതിയും ഇൻശാഅല്ലാഹ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കും. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഖിലാഫത്തിനെ പരിമിതപ്പെടുത്തിവയ്ക്കുന്നത് ദുഷ്ചിന്താഗതിയാണ്. ആദ്യ ഖിലാഫത്തിനെപ്പോലെ നാല് ഖിലാഫത്ത് വന്നു കഴിഞ്ഞു, ഇനി അതിന്റെ ആവശ്യമില്ല എന്നുപറയുന്നതും ദുഷ്ട ലാക്കോടെയാണ്. ആദ്യഖിലാഫത്ത് കാലത്തേക്കാൾ മൂന്നിരട്ടി കാലം ഈ ഖിലാഫത്തിന് നല്കി അല്ലാഹു ഇത് തെളിയിച്ചിരിക്കുന്നു.

ഞാൻ ഹദീസിലൂടെയും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതങ്ങളിലൂടെയും ഇക്കാര്യം വ്യക്തമാക്കിക്കഴിഞ്ഞു. ഇനിയും ആരെങ്കിലും അത്തരം ചിന്താഗതി വെച്ചുപുലർത്തുകയാണെങ്കിൽ അത് തെറ്റാണ്. അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു; നിങ്ങളിൽ ഓരോരുത്തരും നിങ്ങളുടെ കർമ്മങ്ങളെക്കുറിച്ച് ചിന്തിക്കണമെന്നുമാത്രം. ഇനി അയാൾ വളരെ സമർത്ഥമായി ചിലയാളുകളുടെ ഹൃദയങ്ങളിൽ സംശയങ്ങൾ ജനിപ്പിക്കാൻ നടത്തിയ ശ്രമത്തെക്കുറിച്ച് പറയാം. അത്തരമാളുകളെ ആയുധമാക്കാനാണ് അയാൾ ശ്രമിച്ചത്. പക്ഷെ, ജമാഅത്തിലെ ഭൂരിപക്ഷം ആളുകളും ഖിലാഫത്തിനോട് സത്യമായ സ്നേഹം പുലർത്തുന്നവരും ആത്മാർത്ഥതയുള്ളവരുമാണെന്ന് അയാൾക്കറിയില്ല. അയാൾ അയച്ച ലേഖനം കിട്ടിയവർ ഉടനെതന്നെ അത് എനിക്ക് എത്തിച്ചുതന്നു. ശയ്ത്താൻ ചതിയിലൂടെ കാര്യം സാധിക്കാൻ ഒരു ശ്രമം നടത്തി. പക്ഷേ, അവൻ പരാജയപ്പെട്ടു. എന്നാൽ, തുടർന്ന് ജാഗ്രത പാലിക്കാൻ ജമാഅത്തിനെ ഉപദേശിക്കേണ്ട ചുമതല എനിക്കുണ്ട്.

ഒരു നബിയ്ക്കുശേഷവും ഖിലാഫത്ത് ശാശ്വതമായി നിലനില്ക്കുകയില്ല, മറിച്ച്, നുബുവ്വത്തിന്റെ പ്രവൃത്തി പൂർത്തിയാവണമെന്ന് അല്ലാഹു നിശ്ചയിക്കുന്ന കാലംവരെ മാത്രമെ അത് നിലനില്ക്കുകയുള്ളൂ. അതിനുശേഷം രാജാധിപത്യത്തിന്റെ കാലം വരുന്നതാണ് എന്ന ഹസ്റത്ത് മിയാ ബശീർ അഹ്മദ് സാഹിബ് (റ)ന്റെ വചനത്തിന് അയാൾ അടിവരയിട്ടിരിക്കുന്നു.

ഇങ്ങനെ വരുമ്പോൾ എനിക്ക് ചോദിക്കാൻ ഉള്ളത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തിയായോ എന്നാണ്. ഞാൻ പറയുകയുണ്ടായി, ഇത് മിയാ സാഹിബിന്റെ ഒരു വീക്ഷണമായിരുന്നു.

ഈ സാഹിബ് ഒന്നുപറഞ്ഞുതരട്ടെ, അഞ്ചാമത്തെ ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പുവേളയിൽ ഇത് സംഭവിച്ചില്ലേ? തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുത്തവരിൽ എന്നെ അറിയുകപോലുമില്ലാത്ത ധാരാളം അംഗങ്ങളുണ്ടായിരുന്നു. പക്ഷെ, ദൈവിക ഇംഗിതമനുസരിച്ച് അവർ എനിക്കനുകൂലമായി അഭിപ്രായം പറഞ്ഞു. തങ്ങളുടെ ഹൃദയത്തിൽ, അല്ലാഹുവാണ് ഈ പേര് തോന്നിപ്പിച്ചതെന്ന് അധികമാളുകളും പറയുകയുണ്ടായി. ഇതിന്റെ സാക്ഷ്യം ഹസ്റത്ത് മിയാസാഹിബിന്റെ ലേഖനത്തിൽനിന്ന് ലഭിക്കുന്നുണ്ട്. മിയാസാഹിബിന്റെ ലേഖനത്തെ അടിസ്ഥാനമാക്കി ഇക്കാര്യം ഞാൻ പറയുന്നത്, അദ്ദേഹത്തിന്റെ ലേഖനത്തിൽതന്നെ ഇതിനുള്ള മറുപടിയുള്ളതുകൊണ്ടാണ്. നിങ്ങൾ ധൃതി കാണിക്കാതി

രിക്കുക. പിന്നീട് അവിടന്ന് എഴുതുന്നു.

അന്തസ്ഥിതമായ അടയാളങ്ങളിൽ ഉൾപ്പെട്ടതുകാരണത്താൽ ഒരുപരിധിവരെ ചിന്തയും പഠനവും അർഹിക്കുന്നതാണ് രണ്ടാമത്തെ അടയാളം. അതാണ് വിശുദ്ധഖുർആനിലെ ആയത്ത് ഇസ്തിഖ്ലാഫ്. അതായത്

***വല യുമക്കിനന്ന ലഹും ദീനഹുമുല്ലദിർത്തളാ ലഹു. വലയുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ.*** അവർക്കായി അവനിഷ്ടപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷ രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണ്.

അവിടന്നെഴുതുന്നു. ഓരോ ഖലീഫയുടേയും നിര്യാണത്തിനുശേഷം പൊതുവെ ജമാഅത്തിൽ ഒരു ഭൂകമ്പം ഉണ്ടാകുന്നു. ജമാഅത്തംഗങ്ങൾ വിഹ്വലരായിത്തീരുന്നു. ആ നേരത്ത് തന്റെ നിശ്ചിത ഖലീഫ മുഖേന അവർക്ക് സമാധാനവും ശക്തിയും പ്രദാനം ചെയ്യുക എന്നത് അല്ലാഹുവിന്റെ നടപടിക്രമമാണ്.

ഇതിന് ദുൻയാവിലെ ഓരോ അഹ്മദിയും സാക്ഷിയാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ്(റഹ്) യുടെ വഫാത്തിനുശേഷം ഉണ്ടായിരുന്ന ഭയാവസ്ഥയെ അല്ലാഹു സമാധാനത്തിലേക്ക് മാറ്റിയില്ലേ? ഈ സാഹിബിന് ഇത് മതിയായ തെളിവല്ലെങ്കിൽ അല്ലാഹുതന്നെ കരുണ ചെയ്യട്ടെ.

മൂന്നാമത്തെ അടയാളമായി ഹസ്റത്ത് മിയാസാഹിബ് പറഞ്ഞിട്ടുള്ളത് അല്ലാഹു ഏതെങ്കിലും രീതിയിൽ, വരാൻപോകുന്ന വ്യക്തി ആരാണെന്നുള്ള വിവരം നബിയെ അറിയിക്കുന്നു എന്നാണ്. എന്തായാലും ഇതിന്റെ ബന്ധം നബിയുമായിട്ട് മാത്രമാണ്. അത് പറയണമെന്നുമില്ല.

ഈ സാഹിബിന് ഹസ്റത്ത് മിയാസാഹിബിന്റെ വാക്കുകളിൽതന്നെ ഞാൻ മറുപടി പറയട്ടെ. ഇക്കാലത്തെ തിരിച്ചറിയുക. പിന്നാലെ വരുന്നവർക്കുവേണ്ടി നല്ല മാതൃക ഉപേക്ഷിച്ചുപോകാൻ തയ്യാറാവുക; വരും തലമുറ താങ്കളെ സ്നേഹത്തോടും അഭിമാനത്തോടും കൂടി സ്മരിക്കുന്നതിനുവേണ്ടി. അഹ്മദിയ്യത്തിന് ശക്തി പകരുന്നവരിൽ ഓർമ്മിക്കുന്നതിനുവേണ്ടി; നശിപ്പിക്കാൻ ശ്രമിക്കുന്നവരിലല്ല.

മിയാസാഹിബിന്റെ ഈ ലേഖനം പ്രസിദ്ധീകരിച്ചപ്പോൾ എന്റെ പിതാവ് സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബ് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനിക്ക് കത്തെഴുതുകയും മിയാസാഹിബിന്റെ ഈ പരാമർശത്തിൽ തന്റെ വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. പഴയ കടലാസുകൾക്കിടയിൽനിന്ന് അതെനിക്ക് കിട്ടുകയും ഞാനത് വായിക്കുകയും ചെയ്തിട്ടുണ്ട്. താങ്കളുടെ അഭിപ്രായം ശരിയാണെന്നും അഹ്മദിയ്യാ ഖിലാഫത്ത് രാജാധിപത്യത്തിലേക്ക് മാറ്റപ്പെടുകയില്ലെന്നും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) അതിൽ നോട്ട്സ് എഴുതിയിട്ടുണ്ട്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽഫസൽ പത്രത്തിൽ ഇത് സംബന്ധമായി ഒരു വിജ്ഞാപനവും ചെയ്തിരുന്നു. തെറ്റുധാരണകൾ അകലുന്നതിനുവേണ്ടി അത് ഞാൻ കേൾപ്പിക്കാം. ഇത് എന്റെ പിതാവ് മുഖേനയാണ് ഖലീഫത്തുൽ മസീഹ് സാനിയുടെ ശ്രദ്ധയിൽപ്പെട്ടത് എന്നതും ദൈവവിധിയാണ്. അവിടന്ന് പറയുന്നു:

"എന്റെ പ്രിയ മൻസൂർ അഹ്മദ് ഒരു വിഷയത്തിലേക്ക് എന്റെ ശ്രദ്ധ തിരിച്ചിരിക്കുന്നു; ആ ലേഖനം മിർസാ ബശീർ അഹ്മദ് സാഹിബ് ഖിലാഫത്തിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആ ലേഖനത്തിൽ ഒരുഭാഗം പൂർണ്ണമായും ശ്രദ്ധ പതിപ്പിക്കാതെയാണ് പ്രസിദ്ധീകരിച്ചതെന്ന് തോന്നുന്നതായി താങ്കൾ എഴുതിയിരിക്കുന്നു. ഖിലാഫത്തിന്റെ കാലം ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമാണെന്ന് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിയിരിക്കുന്നു. ഈ കത്ത് വരുന്നതിനു മുമ്പേ ഞാനീ ലേഖനം വായിച്ചിരുന്നില്ല. ഈ കത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ലേഖനത്തിന്റെ ആ ഭാഗം വായിച്ചുകേട്ടു. ഖിലാഫത്തിന്റെ ശരിയായ നില ഇതിൽ പ്രതിപാദിച്ചിട്ടില്ലെന്ന് എനിക്കും തോന്നി. മിർസാ ബശീർ അഹ്മദ് സാഹിബ് എടുത്തുദ്ധരിച്ചിട്ടുള്ള ഹദീസിൽ- ഖിലാഫത്ത് രാജാധിപത്യത്തിലേക്ക് വഴിമാറും എന്ന ഹദീസിൽ ഒരു നിയമമല്ല പറഞ്ഞിട്ടുള്ളത്. പ്രത്യുത, അതിൽ നബി(സ) തിരുമേനിയുടെ ശേഷംവരുന്ന അവസ്ഥകളെ സംബന്ധിച്ച് പ്രവചനം ചെയ്തിരിക്കുകയാണ്. പ്രവചനം ഒരുകാലവുമായി ബന്ധപ്പെട്ടതായിരിക്കും. എല്ലാ കാലവുമായി ബന്ധപ്പെട്ടതായിരിക്കുകയില്ല. ഇക്കാര്യം നബി(സ)ന്റെ കാലശേഷം ഖിലാഫത്തിൽ നടക്കേണ്ടതായിരുന്നു. അത് അങ്ങനെതന്നെ നടക്കുകയും ചെയ്തു. എന്നാൽ, ഇതിൽനിന്ന് ഓരോ ദൈവനിയോഗിതനുശേഷവും അങ്ങനെതന്നെ സംഭവിക്കണമെന്നല്ല തെളിയുന്നത്. ഖിലാഫത്തിനെ സംബന്ധിച്ച് വിശുദ്ധഖുർആൻ പറഞ്ഞിടത്ത്, ഖിലാഫത്ത് ഒരു പാരിതോഷികമാണെന്ന് പറയപ്പെട്ടിരിക്കുന്നു. ഈ പാരിതോഷികത്തിന് ഒരു ജനത അർഹരായിരിക്കുവോളം കാലം അതവർക്ക് കിട്ടിക്കൊണ്ടിരിക്കും. നിയമം, ഓരോ നബിക്കുശേഷവും ഖിലാഫത്തുണ്ടാകും എന്നതാണ്. സ്വയം ഒരു ജനത ഖിലാഫത്തിന്റെ അനുഗ്രഹത്തെ വിസ്മരിക്കാത്തിടത്തോളം കാലം ഈ അനുഗ്രഹം നിലകൊള്ളുകതന്നെ ചെയ്യും. എന്നാൽ തീർച്ചയായും ഖിലാഫത്ത് ഇല്ലാതാവുമെന്ന് ഒരിക്കലും ഇതിൽനിന്ന് തെളിയുന്നില്ല. ഹസ്റത്ത് ഈസായുടെ ഖിലാഫത്ത് ഇപ്പോഴും നടന്നുവരുന്നു. പോപ്പ്, ഹസ്റത്ത് ഈസാ മസീഹിന്റെ ശരിയായ ഖലീഫയല്ലെന്ന് നാം വിശ്വസിക്കുന്നു. അതിനോടൊപ്പം ഈസാമസീഹിന്റെ സമുദായവും ശരിയായ അർത്ഥത്തിൽ അദ്ദേഹത്തിന്റെ സമുദായമല്ലെന്നും നാം വിശ്വസിക്കുന്നു. അവർ എങ്ങനെയാണോ അങ്ങനെതന്നെ അവർക്ക് ലഭിച്ചു. എന്തായാലും അവർക്ക് അനുഗ്രഹം തീർച്ചയായും കിട്ടിയിരുന്നു. ഹസ്റത്ത് മൂസായ്ക്കു

ശേഷം ഖിലാഫത്ത് താൽക്കാലികമായേ നിലനിന്നുള്ളൂ എന്നും എന്നാൽ ഹസ്റത്ത് ഈസാക്ക് ശേഷമുള്ള ഖിലാഫത്ത് ഏതെങ്കിലുംവിധത്തിൽ ആയിരക്കണക്കിനു വർഷം നിലനിന്നുവെന്നും നാം സമ്മതിക്കുന്നു. ഇപ്രകാരം ഹസ്റത്ത് നബി(സ)ക്കുശേഷം ശരിയായ ഖിലാഫത്ത് ദീർഘകാലം നിലനിന്നില്ല. എന്നാൽ മുഹമ്മദീ മസീഹിന്റെ ഖിലാഫത്ത് മൂസവീ മസീഹിന്റെ ഖിലാഫത്തുപോലെ സുദീർഘകാലംവരെ നടന്നുകൊണ്ടിരിക്കുന്നതാണ്. മുഹമ്മദീ മസീഹിന് മൂസവീ മസീഹിനോടുള്ള കാര്യങ്ങളുടെ പൂർത്തീകരണത്തിലും സവിശേഷതകളിലുമധിഷ്ഠിതമായ സാദൃശ്യത്തെപ്പറ്റി ആവർത്തിച്ചാവർത്തിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്; ചില പരീക്ഷണങ്ങൾ കൂടിക്കലർന്ന കാര്യങ്ങളൊഴികെ. അവയിൽ മുഹമ്മദീയ്യത്തിന്റെ ബന്ധം മൂസവിയ്യത്തിന്റേമേൽ വിജയംവരിച്ചിരിക്കുന്നു. അത് നല്ല മാറ്റമുണ്ടാക്കിയിരിക്കുന്നു. ഏതുപോലെയെന്നാൽ ആദ്യത്തെ മസീഹ് കുരിശിൽ തറക്കപ്പെട്ടു. എന്നാൽ രണ്ടാമത്തെ മസീഹ് കുരിശിൽ തറക്കപ്പെട്ടില്ല. കാരണം, ഒന്നാമത്തെ മസീഹിന്റെ പിന്നിൽ മൂസവി ശക്തിയായിരുന്നു. രണ്ടാമത്തെ മസീഹിന്റെ പിന്നിൽ മുഹമ്മദീ ശക്തിയും. ഖിലാഫത്ത് സമ്മാനമാണ്; അത് പരീക്ഷണമല്ല. അതുകൊണ്ട് ആദ്യത്തെ മസീഹിന് ലഭിച്ചതിനെക്കാൾ ഉത്തമമായത് അഹ്മദിയ്യത്തിന് ലഭിക്കുന്നതാണ്. കാരണം ഒന്നാമത്തെ മസീഹിന്റേമേൽ മൂസവി അനുഗ്രഹങ്ങളാണ് ഉണ്ടായിരുന്നത്. രണ്ടാമത്തെ മസീഹിന്റേമേൽ മുഹമ്മദി അനുഗ്രഹങ്ങളാണ്. എന്റെ നോട്ടത്തിൽ ഖിലാഫത്തിന്റെ കാലത്തെ സംബന്ധിച്ചുള്ള ഈ ചർച്ച നിരർത്ഥകമാണ്. അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് സുദീർഘകാലംവരെ നിലനില്ക്കുമെന്നത് പ്രകടമാണ്. അത് സങ്കല്പിക്കാൻപോലും ഇപ്പോൾ സാദ്ധ്യമല്ല. അതായത് ചിന്തിക്കാൻപോലും സാദ്ധ്യമല്ല. അഥവാ, ഇതിനിടയിൽ എന്തെങ്കിലും സംഭവിച്ചാൽ അത് യഥാർത്ഥമായിരിക്കുകയില്ല. നദി ചിലപ്പോൾ മണ്ണിനടിയിൽ മറയുകയും വീണ്ടും വെളിയിൽ വരികയും ചെയ്യുന്നതുപോലെയായിരിക്കും അത്. ആദ്യകാലത്തുണ്ടായിരുന്ന സംഭവങ്ങൾ അക്കാലത്തേക്കു മാത്രമായിരുന്നു. അല്ലാതെ എക്കാലത്തേക്കുമുള്ള നിയമമല്ല. ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ഈ വിശദീകരണം മതിയായതാണെന്ന് ഞാൻ കരുതുന്നു. കാരണം ഖലീഫത്തുൽ മസീഹ് സാനി(റ)ന് അല്ലാഹുവിൽനിന്ന് തീർച്ചയായും മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ട്. അദ്ദേഹം ഖലീഫയായിരുന്നു. മുസ്ലിഹ് മൗഊദ് ആയിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് ആന്തരികവും ബാഹ്യവുമായ അറിവുകളാൽ നിറയ്ക്കപ്പെടുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാം ഉണ്ടായിരുന്നു. എന്തായാലും ഖലീഫയ്ക്കെതിരിൽ ആര് നിന്നാലും അയാൾ എത്രവലിയ പണ്ഡിതനായാൽ പോലും കുറഞ്ഞവിലയേയുള്ളൂ. കാരണം ജമാഅത്തിന് വഴികാട്ടുന്നതിനുവേണ്ടി അല്ലാഹുതആല ഖലീഫമുഖേന ഇത്തരം വാക്കുകൾ പുറപ്പെടുവിക്കുന്നു; അത് അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ചായിരിക്കും. അതുകൊണ്ട് അഹ്മദികളാരുംതന്നെ നിരർത്ഥകവും വ്യർത്ഥവുമായ ചർച്ചകളിൽ വീഴാതിരിക്കേണ്ടതാണ്. ഖിലാഫത്തിന്റെ നിലനില്പിനുവേണ്ടി പ്രാർത്ഥിക്കുക; ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ ശാശ്വതമായി നിലനില്ക്കുന്നതിനുവേണ്ടി.

എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, എന്നിൽ ഏതെങ്കിലും തെറ്റ് കണ്ടാൽ എന്നോട് നേരിട്ട് പറയുക. എല്ലായിടത്തും ഇരുന്നുകൊണ്ട്, അല്ലെങ്കിൽ പ്രത്യേകമായ സുഹൃത്തുക്കളുമായി ഇരുന്നുകൊണ്ട്- ചില റിപ്പോർട്ടുകൾ ഇത് സംബന്ധമായി എനിക്ക് കിട്ടാറുണ്ട്- ഇയാളിൽ ഇന്ന ന്യൂനതയുണ്ട്, ഇന്ന ബലഹീനതയുണ്ട് എന്നൊക്കെ പറയാൻ ആർക്കും അവകാശമില്ല. സദുദ്ദേശ്യത്തോടെയാണെങ്കിൽ എന്നോട് നേരിട്ട് പറയുക. ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) മറ്റൊരിടത്ത് പറയുന്നു. അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തിലുള്ള വിശ്വാസത്തിൽ നിലകൊള്ളുകയാണെങ്കിൽ അതിന്റെ നിലനില്പിന്നുവേണ്ടി ശരിയായ നിലയിൽ കഠിനപ്രയത്നം ചെയ്തുകൊണ്ടിരുന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖിയാമത്തുന്നാൾവരെ ഈ ഖിലാഫത്ത് പരമ്പര നിലനില്ക്കുമെന്ന് ഞാൻ കരുതുന്നു. ഒരു ശയ്ത്താനും ഇതിൽ കൈകടത്താൻ സാദ്ധ്യമല്ല. ഇക്കാര്യം മുന്നിൽവെച്ചുകൊണ്ട് ഓരോ അഹ്മദിയും പ്രാർത്ഥന മുഖേന ഈ അനുഗ്രഹത്തെ സ്വരുക്കൂട്ടേണ്ടതാണ്; ഈ അനുഗ്രഹത്തെ സംബന്ധിച്ച് അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)യോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. സ്വന്തം മഹാത്മാക്കളുടെ ത്യാഗങ്ങൾ നിങ്ങൾ സ്മരിക്കുക. ഖിലാഫത്തിന്റെ കെട്ടുറപ്പിനുവേണ്ടി അവർ ചെയ്ത ത്യാഗങ്ങൾ എപ്പോഴും ഓർത്തുകൊണ്ടിരിക്കുക. എന്റെ മുന്നിൽ ഇരിക്കുന്ന നിങ്ങളും എന്റെ വാക്കുകൾ കേൾക്കുന്നവരും പ്രത്യേകമായ മാറ്റം സ്വന്തംനിലയിൽ ഉണ്ടാക്കിത്തീർക്കേണ്ടതാണ്. ആദ്യത്തേക്കാളുപരി വിശ്വാസത്തിലും ആത്മാർത്ഥതയിലും അഭിവൃദ്ധിപ്പെടുക. പറയുന്ന കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിക്കാതെ ദൂരെദൂരദേശങ്ങളിൽ കഴിയുന്നവരായിട്ടും, നിരന്തരമായി ബന്ധപ്പെടാൻ കഴിയാതിരുന്നിട്ടും- ജീവിതത്തിൽ ഒരിക്കൽ പോലും ഒരു ഖലീഫയേയും കാണാത്തവരും അത്തരക്കാരിൽ ഉണ്ട്- വിശ്വാസത്തിലും ആത്മാർത്ഥതയിലും മികച്ചുനില്ക്കുന്നവരിലേക്ക് നിങ്ങൾ നോക്കുക. ഉദാഹരണത്തിന് ഉഗാണ്ടക്കാരെ നോക്കുക, അവിടെ ഒരു സ്ത്രീ എന്നെ കാണുന്നതിനുവേണ്ടി തന്റെ കുട്ടിയേയും എടുത്തുകൊണ്ട് ഓടിവരുന്നുണ്ടായിരുന്നു. ജനത്തിരക്കുകൊണ്ട് പെട്ടെന്ന് എന്റെ സമീപം എത്താൻ അവർക്ക് കഴിഞ്ഞില്ല. അവസാനം ആ കുട്ടി എന്നെ കാണുകയും എന്റെനേരെ കയ്യുയർത്തിവീശുകയും ചെയ്തപ്പോഴാണ് അവർക്ക് സമാധാനമായത്. കുട്ടിയുടെ പുഞ്ചിരി കണ്ടപ്പോൾ വർഷങ്ങളായി പരിചയമുള്ള ആളെ കണ്ടുമുട്ടിയ പ്രതീതിയാണുണ്ടായത്. ഇത്തരം ഉമ്മമാർ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കും- അവരുടെ മടിയിൽനിന്ന് ഖിലാഫത്തിനോട് സ്നേഹ

മുള്ള കുട്ടികൾ ചിറകുമുളച്ച് പുറത്തുവന്നുകൊണ്ടിരിക്കുവോളം കാലം അഹ്മദിയ്യാ ഖിലാഫത്തിന് ഒരു ഭീഷണിയും ഇല്ല. ഞാൻ പറഞ്ഞതുപോലെ അല്ലാഹു ആരുടേയും ബന്ധുവൊന്നുമല്ല. വിശ്വാസികളും സൽകർമ്മകാരികളുമായവർക്ക് അവന്റെ തന്റെ ഖുദ്റത്ത് കാണിക്കുന്നു. തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു. അതുകൊണ്ട് നിങ്ങളുടെമേൽ നിങ്ങൾ കരുണ കാണിക്കുക. നിങ്ങളുടെ മക്കളുടെമേലും കരുണ കാണിക്കുക. നിരനർത്ഥകമായ വാദകോലാഹലങ്ങളിൽപെടുന്നതിനു പകരം അത്തരം മജ്ലിസുകളിൽ ഇരിക്കുന്നതിനു പകരം അല്ലാഹുവിന്റെ കല്പനകളേയും വാഗ്ദാനങ്ങളേയും നോക്കിക്കൊണ്ടിരിക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിന് ശക്തിപകരുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് ഇപ്പോൾ വൻതോതിൽ വ്യാപിച്ചുകഴിഞ്ഞു. അതുകൊണ്ട്, നമ്മുടെ കുടുംബവും നമ്മുടെ രാജ്യവും നമ്മുടെ ആളുകളുമാണ് അഹ്മദിയ്യത്തിന്റെ ധ്വജവാഹകരെന്ന ചിന്ത ആർക്കുമുണ്ടാകാൻ പാടില്ല. സൽകർമ്മകാരികളും ഖിലാഫത്തുമായി അള്ളിപ്പിടിച്ചിരിക്കുന്നവരുമാണ് ഇന്ന് അഹ്മദിയ്യത്തിന്റെ ധ്വജവാഹകർ.

മൂന്നുവർഷം കഴിയുമ്പോൾ ഖിലാഫത്തിന് നൂറു വർഷം തികയുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ശതവാർഷിക ജൂബിലിക്ക് മുമ്പേ ഹസ്റത്ത് ഖലീഫാ സാലിസ്(റഹ്) ചില ദുആകൾ പ്രത്യേകമായി ചെയ്യാൻ ജമാഅത്തിനോട് കല്പിച്ചിരുന്നു. ഞാനും ആ ദുആകളിലേക്ക് നിങ്ങളുടെ ശ്രദ്ധതിരിക്കുകയാണ്. സൂറാ ഫാത്തിഹ നിത്യവും ഏഴുപ്രാവശ്യം ഓതാൻ അവിടന്ന് നിർദ്ദേശിച്ചിരുന്നു. എല്ലാത്തരം ഫിത്നകളിൽനിന്നും ഫസാദുകളിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി സൂറ ഫാത്തിഹ നല്ലവണ്ണം ചിന്തിച്ചോതേണ്ടതാണ്.

***റബ്ബനാ അഫ്രിഗ് അലയ്നാ സ്വബ്റൻ വ്വ സബ്ബിത് അഖ്ദാമനാ വൻസ്വുർനാ അലൽ ഖൗമിൽ കാഫിരീൻ.***

ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞുതരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും അവിശ്വാസികൾക്കെതിരെ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. (*2:251*) ഈ പ്രാർത്ഥനയും ഒരുപാട് പ്രാവശ്യം ചെയ്തുകൊണ്ടിരിക്കുക. ഇതിനോടൊപ്പം ***റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ് ഹദ്യതനാ വ ഹബ്ലനാ മിൻല്ലദുൻക റഹ്മ ഇന്നക്ക അൻതൽ വഹ്ഹാബ്.***

ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ. നീ ഞങ്ങൾക്ക് നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമെ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്.(*3:9*) എന്ന ദുആയും ചെയ്തുകൊണ്ടിരിക്കുക.

ഹൃദയത്തെ നേരെ നിർത്തുന്നതിനുള്ള വലിയൊരു പ്രാർത്ഥനയാണിത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായതിനുശേഷം ഈ ദുആ ആവർത്തിച്ചാവർത്തിച്ച് ചെയ്യാൻ അവിടന്ന് നിർദ്ദേശിച്ചതായി ഹസ്റത്ത് മുബാറക്കാ ബീഗം സാഹിബ(റ) സ്വപ്നം കണ്ടിരുന്നു.

ഇനി ***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വനഊദുബിക്ക മിൻ ശുറൂറിഹിം.*** അല്ലാഹുവേ, അവരെ നേരിടാൻ ഞങ്ങൾ നിന്നെതന്നെ അവരുടെ നെഞ്ചകങ്ങളിൽ ആക്കുന്നു. അവരുടെ എല്ലാ ഉപദ്രവങ്ങളിൽനിന്നും ഞങ്ങൾ നിന്നോട് രക്ഷതേടുകയും ചെയ്യുന്നു, എന്ന ദുആയും ചൊല്ലുക.

ഇസ്തിഗ്ഫാർ സ്ഥിരം ചൊല്ലിക്കൊണ്ടിരിക്കുക. ***അസ്തഗ്ഫിറുല്ലാഹ റബ്ബീ മിൻകുല്ലി ദൻബിൻ വഅതൂബ് ഇലയ്ഹി.*** എന്റെ രക്ഷിതാവായ അല്ലാഹുവിനോട് ഞാൻ പൊറുക്കലിനെ തേടുന്നു. എല്ലാ പാപങ്ങളിൽ നിന്നും അവനിലേക്ക് മടങ്ങുകയും ചെയ്യുന്നു. സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. ഇക്കാര്യത്തിലേക്ക് അടുത്ത മൂന്നുവർഷംവരെ ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിന്റെ അഭിവൃദ്ധിക്കും ഖിലാഫത്തിന്റെ സുദൃഢമായ നിലനില്പിനുവേണ്ടി ഓരോ ദിവസവും രണ്ട് നഫ്ൽ നമസ്കരിക്കുക. അല്ലാഹുത്തആല അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് എന്നെന്നും നിലനിർത്തുമാറാകട്ടെ എന്ന ഉദ്ദേശ്യത്തോടെ ഒരു നഫ്ൽനോമ്പും പിടിക്കുക.

ഇതിനുശേഷം വീണ്ടും ഞാൻ പറയുന്നു. ആരുടെയെങ്കിലും മനസ്സിൽ സംശയമുണ്ടെങ്കിൽ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. അത് മനസ്സിൽനിന്ന് നീക്കിക്കളയുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് വൻതോതിൽ വ്യാപിച്ചുകഴിഞ്ഞു. ഈമാനിൽ അത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഇൻശാ അല്ലാഹ്. ഖിലാഫത്തിൽനിന്ന് അകറ്റുന്നിതനുവേണ്ടിയുള്ള ഒരു സ്കീമും പദ്ധതിയും ഒരിക്കലും വിജയിക്കുകയില്ല.

Jumua Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
27.5.2005
at
Baithul Futuh, London

വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ
Mobile: 9895 126027

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala